**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4470** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേനയും, വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഉന്നതല സംഘം മുഖേനയും പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും, അതിന്റെയടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ വകുപ്പ് ഓഡിറ്റ് വിഭാഗം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും, ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നൽകി വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ മറുപടി ലഭ്യമായതിനെ തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ഈ വിഷയത്തിൽ തിരുവനന്തപുരം സിറ്റി ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുള്ളതും, നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നതുമാണ്. വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തട്ടിപ്പ് സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ | (സി) | തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് പട്ടികജാതി ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ഫണ്ട് തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ മുൻ കാലയളവിൽ വകുപ്പിന്റെ അധീനതയിലുള്ള പട്ടികജാതി വികസന ഓഫീസുകളിൽ നിന്ന് വിവിധ പദ്ധതികളിൽ ഗുണഭോക്താക്കൾക്കായി അനുവദിച്ച തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിച്ചിട്ടുണ്ടോയെന്നുള്ള കാര്യം നേരിട്ട് പരിശോധിച്ച് തട്ടിപ്പ്, ഇരട്ടിപ്പ് എന്നിവ നടന്നിട്ടുണ്ടോയെന്ന് കൃത്യമായി കണ്ടെത്തുന്നതിനും അതിന്റെ വ്യാപ്തി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ